**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5078** **02-11-2021 - ൽ മറുപടിയ്ക്ക്**

**വിള ആരോഗ്യ പരിപാലന പദ്ധതിയിലെ പെസ്റ്റ് സ്കൗട്ട് കരാർ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ഏതൊക്കെ കൃഷിഭവനുകളിലാണ് വിള ആരോഗ്യ പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | എല്ലാ കൃഷിഭവനുകളിലും വിള ആരോഗ്യ പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത കൃഷിഭവനുകളിൽ പെസ്റ്റ് സ്കൗട്ട് തസ്തികയിൽ നാളിതുവരെ എത്ര കരാർ ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 254 കരാർ ജീവനക്കാരാണ് പ്രസ്തുത കൃഷിഭവനുകളിൽ പെസ്റ്റ് സ്കൗട്ട് തസ്തികയിൽ നാളിതുവരെയുള്ളത്. |
| (സി) | വിള ആരോഗ്യ പരിപാലന പദ്ധതിക്ക് പുറമെ മറ്റ് പദ്ധതികളിൽ പ്രസ്തുത വകുപ്പിനുകീഴിൽ എത്ര കരാർ ജീവനക്കാരാണ് നിലവിൽ ജോലി ചെയ്ത് വരുന്നതെന്ന് വിശദമാക്കാമോ; | (സി) | കൃഷി വകുപ്പിൽ വിള ആരോഗ്യ പരിപാലന പദ്ധതിക്ക് പുറമെ മറ്റ് പദ്ധതികളിൽ 1004 കരാർ ജീവനക്കാർ ജോലി നോക്കി വരുന്നു. |
| (ഡി) | വിള ആരോഗ്യ പരിപാലന പദ്ധതിയിൽ സേവനം അനുഷ്ഠിക്കുന്ന പെസ്റ്റ് സ്കൗട്ട് തസ്തികയിലെ കരാർ ജീവനക്കാരെ പിരിച്ചുവിടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പുനഃപരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | വിള ആരോഗ്യ പരിപാലന പദ്ധതിയിൽ സേവനം അനുഷ്ഠിക്കുന്ന 196 കരാർ ജീവനക്കാരുടെ കാലാവധി 2021-22 സാമ്പത്തിക വർഷത്തേക്കു കൂടി മാത്രം നീട്ടി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ